(ഇ)		രൂപ കോടിയിൽ
1.	എൻ.റ്റി.പി.സി. കായംകുളം തെർമൽ പ്ലാന്റ് ഉല്പ്പാദനശേഷി വർദ്ധിപ്പിക്കൽ	6,000
2.	കൊച്ചി റിഫൈനറിയുടെ വികസനം	2,600
3.	എൻ.എം.ഡി.സി.ഐ.ആർ.ഇ. എന്നിവയുമായി ചേർന്നുള്ള ധാതുപര്യവേഷണം	1,850
		10,450

ഇവയ്ക്കു പുറമേ ഏകദേശം 2,000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്നു. വല്ലാർപ്പാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള അന്തിമ അനുമതിയും നൽകിക്കഴിഞ്ഞു.

ഓഹരി വിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

120 (1185) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വിൽക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ പരസ്യം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കുന്നത് സംബന്ധിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി തീരുമാനങ്ങൾ വിശദമാക്കാമോ ;

(ഡി) പൊതുമേഖലാ സ്ഥാപനമായ അങ്കമാലി 'ടെൽക്കി' ന്റെ ഓഹരികൾ വില്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എത്ര ശതമാനം ഓഹരികളാണ് വില്പന നടത്തുന്നത് ;

(ഇ) ടെൽക്കിന് സ്വന്തമായി എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ ; ഈ ഭൂമിയുടെ മാർക്കറ്റ് വില കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ടെൽക്ക് 2001-2002 , 2002-2003 വർഷങ്ങളിൽ ഉണ്ടാക്കിയ ലാഭം എത്ര ;

(ജി) ലാഭമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിപ്പിക്കുന്ന നടപടി സർക്കാരിന്റെ നയമാണോ എന്ന് വ്യക്തമാക്കുമോ ;

(എച്ച്) തൃശ്ശൂർ മുളംകുന്നത്തുകാവിലുള്ള കെൽട്രോൺ റെക്ടിഫയേഴ്സ്, പവർ ഡിവൈസസ് തുടങ്ങിയ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ സാഹചര്യത്തിൽ ഈ സ്ഥലം വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെൽട്രോൺ കൗണ്ടേഴ്സ്, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ആസ്ട്രൽ വാച്ചസ് എന്നീ കമ്പനികളുടെ 100 ശതമാനം ഓഹരികൾ കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഓരോ പൊതുമേഖലാ സ്ഥാപനത്തെയും സംബന്ധിച്ചു പ്രത്യേകമായി പഠനം നടത്തി പുനരുദ്ധാരണ നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ്. ഇ.ആർ.സി. ചെയ്യുന്നത്. ഓഹരി വിൽപ്പന സംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങളൊന്നും ഇ.ആർ.സി.യിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം ഇപ്പോൾ ടെൽക്കിന്റെ 26 മുതൽ 49 ശതമാനം വരെ ഓഹരികളാണ് കൈമാറുന്നതിന് തീരുമാനിച്ചിരിക്കുന്നത്.

(ഇ) ടെൽക്കിന് 114 ഏക്കർ ഭൂമിയുണ്ട്. പുനരുദ്ധാരണ പദ്ധതി പ്രകാരം വിൽക്കാനുദ്ദേശിക്കുന്ന 50 ഏക്കർ സ്ഥലത്തിന്റെ കളക്ടർ നിശ്ചയിച്ച വില ഒരു സെന്റിന് 35,265 രൂപ ആകുന്നു.

(എഫ്) ടെൽക്ക് 2001-2002 വർഷത്തിൽ 608 ലക്ഷം രൂപ പ്രവർത്തന നഷ്ടവും, 2002-2003 വർഷത്തിൽ 377 ലക്ഷം രൂപ പ്രവർത്തന ലാഭവുമുണ്ടാക്കി. 2001-2002 വരെ 65.69 കോടി സഞ്ചിത നഷ്ടം കമ്പനിക്ക് ഉണ്ടായിട്ടുണ്ട്.

(ജി) അല്ല.

(എച്ച്) തീരുമാനിച്ചിട്ടില്ല.

യു.എൻ.ഡി.പി. സഹായത്തോടുകൂടി പുനരുജ്ജീവിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

121 (1187) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. സുജനപാൽ:
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.എൻ.ഡി.പി. സഹായത്തോടുകൂടി എത്ര പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly